# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

### 2003 ജൂലായ് 24-ാം തീയതി വ്യാഴാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -21)

687)സെയിൽസ്ടാക്സ് ചെക്കുപോസ്റ്റുകളിലെ അഴിമതിയും കൃത്യവിലോപവും
688)കാർഷിക കടങ്ങളുടേയും കാർഷികേതര കടങ്ങളുടേയും പലിശ പൂർണ്ണമായും ഒഴിവാക്കാനുള്ള നിർദ്ദേശം
689)തുർക്കിയിൽ കയറുൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാൻ നടപടി
690)കേന്ദ്ര ഗവൺമെന്റ് ആനുകൂല്യം നൽകുന്ന വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളും നാഷണൽ പാർക്കുകളും
691)കേന്ദ്ര സർക്കാരിന്റെ പഴം, പച്ചക്കറി കയറ്റുമതി പദ്ധതിയിൽ മലബാർ മേഖലയെക്കൂടി ഉൾപ്പെടുത്താൻ നടപടി
692)ബസുമതി നെൽകർഷകർക്ക് പ്രോത്സാഹനം
693)ഗ്രീനിംഗ് ദി സ്റ്റേറ്റ് പദ്ധതി
694)വിൽപ്പന നികുതിവകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ ഘടനയുംപ്രവർത്തനലക്ഷ്യവും
695)സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന കയർ ഉൽപ്പന്നങ്ങൾ
696)നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ
697)സ്വന്തം കൃഷിഭൂമിയിൽ ഇഷ്ടമുള്ള വിളകൾ കൃഷി ചെയ്യുന്നതിന് നിലവിലുള്ള നിയമതടസ്സം
698)ശബരിമല ഉൾപ്പെടെയുള്ള വനമേഖല വന്യജീവി സംരക്ഷണ് മേഖലയാക്കാൻ നടപടി
699)വനം വന്യ ജീവി സംരക്ഷണം
700)ചൂഷണത്തിന് വിധേയരാകുന്ന ഉപഭോക്താക്കൾ
701)വനമേഖലയിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന സസ്യങ്ങൾ
702)വ്യാജ ജൈവവളങ്ങളുടെ വില്പന
703)റെയിൽ വഴി കൊണ്ടുവരുന്ന ചരക്കുകളുടെ നികുതി പൂർണ്ണമായും വസൂലാക്കുന്നതിന് നടപടി
704)സംസ്ഥാനത്ത് നിലവിലുള്ള ഗവണ്മെന്റ് കൃഷിത്തോട്ടങ്ങൾ
705)ഫുട്ബോൾ, വോളിബോൾ തുടങ്ങിയ ഗെയിമുകളുടെ ഉന്നമനത്തിനായി സ്വീകരിക്കുന്ന നടപടി
706)അഡ്വാൻസ് ലൈസൻസിംഗിലൂടെ റബ്ബർ ഇറക്കുമതി
707)എ.ഡി.ബിയിൽ നിന്നുള്ള രണ്ടാം ഗഡു വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

## സെയിൽസ്ടാക്സ് ചെക്കുപോസ്റ്റുകളിലെ അഴിമതിയും കൃത്യവിലോപവും

*687. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി.കെ. അബ്ദു റബ്ബ് :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-2003 വർഷത്തിൽ സംസ്ഥാനത്തെ സെയിൽസ്ടാക്സ് ചെക്കുപോസ്റ്റുകളിൽ നിന്നുണ്ടായ വരുമാനമെത്ര ;

(ബി) ചെക്കുപോസ്റ്റുകളിൽ നിയമിക്കുന്ന ഉദ്യോഗസ്ഥരെ പരമാവധി എത്രകാലംവരെ ഒരിടത്തു തുടരാൻ അനുവദിക്കും ;

(സി) ചെക്കുപോസ്റ്റുകളിലെ ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനം പരിശോധിക്കാൻ സ്ക്വാഡ് വർക്ക് നടത്തുന്നുണ്ടോ ;

(ഡി) സ്ക്വാഡ് വർക്കിന്റെ ഫലമായി അഴിമതിയും കൃത്യവിലോപവും കണ്ടെത്തിയിട്ടുണ്ടോ ;

(ഇ) എത്ര പേർക്കെതിരെ നടപടിയെടുത്തിട്ടുണ്ട് ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):**

(എ) 70.13 കോടി രൂപ.

(ബി) ചെക്ക് പോസ്റ്റുകളിൽ പ്രവൃത്തിയെടുക്കുന്നതിന് 'പൂളിംഗ് സിസ്റ്റം' ഏർപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഇൻസ്പെക്ടർ, ക്ളാർക്ക്, പ്യൂൺ എന്നീ തസ്തികയിൽ പെട്ടവർ ഒരു ചെക്ക്പോസ്റ്റിൽ ഒരു തവണ പരമാവധി മൂന്നു മാസത്തിൽ കൂടുതൽ പ്രവൃത്തി എടുക്കുവാൻ അനുവദിക്കുന്നതല്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) 2002-2003 സാമ്പത്തിക വർഷം 16 പേർക്കെതിരെ വകുപ്പുതലത്തിലുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കാർഷിക കടങ്ങളുടേയും കാർഷികേതര കടങ്ങളുടേയും പലിശ പൂർണ്ണമായും ഒഴിവാക്കാനുള്ള നിർദ്ദേശം

*688. പ്രൊഫസർ സാവിത്രി ലക്ഷ്മണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ടി.എൻ. പ്രതാപൻ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998 മാർച്ച് 31-ന് മുമ്പ് എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള കാർഷിക കടങ്ങളുടേയും 25,000 രൂപ വരെയുള്ള കാർഷികേതര കടങ്ങളുടേയും പലിശ പൂർണ്ണമായും ഒഴിവാക്കുവാൻ കേന്ദ്രഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഈ ആനുകൂല്യം ഏതുകാലം വരെ അനുവദിച്ചിട്ടുണ്ട് ;

(സി) കേന്ദ്രത്തിന്റെ ഈ നിർദ്ദേശം കേരളത്തിൽ ബാധകമാക്കുവാൻ
നടപടിയെടുത്തിട്ടുണ്ടോ ;

(ഡി) ഏതെല്ലാം വിധത്തിലുള്ള കടങ്ങളാണ് ഈ നിർദ്ദേശത്തിന്റെ പരിധിയിൽ വരുന്നത്;

(ഇ) ഗവൺമെന്റിൽ നിന്നുമെടുത്തിട്ടുള്ള വായ്പയും ഈ നിർദ്ദേശത്തിന്റെ പരിധിയിൽ വരുമോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**
**ശ്രീ. കെ.എം. മാണി ( റവന്യൂവും നിയമവും വകുപ്പുമന്ത്രി) :**

(എ) ഇത്തരത്തിൽ ഒരു നിർദ്ദേശം ലഭ്യമായിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.
(സി)(ഡി) &(ഇ) ഉദിക്കുന്നില്ല.

## തുർക്കിയിൽ കയറുൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാൻ നടപടി

*689. ശ്രീ. എം. മുരളി :
ശ്രീ. ജോർജ് ജെ. മാത്യു :
പ്രൊഫസർ എ.ഡി. മുസ്തഫ :
ശ്രീ. പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുർക്കിയിൽ കയറിനും കയറുൽപ്പന്നങ്ങൾക്കും മാർക്കറ്റ് വർദ്ധിപ്പിക്കുമെന്ന് 2003 മേയ് മാസത്തിൽ തുർക്കി അംബാസിഡർ ആലപ്പുഴയിൽ വച്ച് പ്രസ്താവിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതനുസരിച്ച് തുർക്കിയിൽ കയറിന്റെയും കയറുൽപ്പന്നങ്ങളുടേയും വിപണി കണ്ടെത്താൻ എന്തെല്ലാം ശ്രമം നടത്തി ;

(സി) ഇക്കാര്യത്തിൽ നടത്തുന്ന ശ്രമങ്ങൾ തുർക്കി അംബാസിഡറുടെ
ശ്രദ്ധയിൽപ്പെടുത്തിയോ ?

**ഉത്തരം**
**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

.

(ബി) &(സി) തുർക്കിയിൽ കയറിനും കയറുൽപ്പന്നങ്ങൾക്കും ഉള്ള വിപണി സംബന്ധിച്ച് വിശദവിവരങ്ങൾ അന്വേഷിച്ചറിയാൻ സംസ്ഥാന കയർ കോർപ്പറേഷൻ അതിന്റെ ഡൽഹി ശാഖയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. 2001-2002-ൽ ഐ.ടി.പി.ഒ., ടർക്കി റിപ്പബ്ളിക്കിൽ നടത്തിയ പ്രോഡക്ട്

പ്രൊമോഷൻ പ്രോഗ്രാമിൽ കയർബോർഡ് പങ്കെടുത്തു. അതനുസരിച്ച് ലഭിച്ച എട്ട് അന്വേഷണങ്ങൾ കയർ കയറ്റുമതിക്കാരെ അറിയിച്ചിട്ടുണ്ട്.

**കേന്ദ്ര ഗവൺമെന്റ് ആനുകൂല്യം നൽകുന്ന വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളും നാഷണൽ പാർക്കുകളും**

*690. ശ്രീ. കെ.അച്ചുതൻ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എം.എ. ചന്ദ്രശേഖരൻ :
ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എൻ.ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യമൃഗസംരക്ഷണ കേന്ദ്രങ്ങൾക്കും നാഷണൽ പാർക്കുകൾക്കും കേന്ദ്രഗവൺമെന്റ് ആനുകൂല്യം നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വന്യമൃഗസ്രക്ഷണ കേന്ദ്രങ്ങൾക്കും നാഷണൽ പാർക്കുകൾക്കുമാണ് ആനുകൂല്യങ്ങൾ നൽകുന്നത് ;

(സി) ഏതെങ്കിലും അന്താരാഷ്ട്ര ഏജൻസികളിൽ നിന്നും ഈ സ്ഥാപനങ്ങൾക്ക് ആനുകൂല്യം ലഭിക്കുമോ; എങ്കിൽ അവ ഏതെല്ലാം ;

(ഡി) സംസ്ഥാനത്ത് നിലവിലുള്ള ഏതെല്ലാം വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങൾ നാഷണൽ പാർക്കുകൾ ആയി പ്രഖ്യാപിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട് ;

(ഇ) ഇത് സംബന്ധിച്ച കേന്ദ്രത്തിന്റെ നിലപാട് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി) താഴെപ്പറയുന്ന 12 വന്യമൃഗസങ്കേതങ്ങൾക്കും രണ്ട് ദേശീയോദ്യാനങ്ങൾക്കുമാണ് കേന്ദ്ര ധനസഹായം ലഭിക്കുന്നത്.

1. ഇരവികുളം ദേശീയോദ്യാനം
2. സൈലന്റ് വാലി ദേശീയോദ്യാനം
3. പെരിയാർ വന്യജീവി സങ്കേതം
4. വയനാട് വന്യജീവി സങ്കേതം
5. പറമ്പിക്കുളം വന്യജീവി സങ്കേതം
6. നെയ്യാർ വന്യജീവി സങ്കേതം
7. പീച്ചി-വാഴാനി വന്യജീവി സങ്കേതം
8. ശെന്തുരുണി വന്യജീവി സങ്കേതം
9. ചിന്നാർ വന്യജീവി സങ്കേതം
10. ഇടുക്കി വന്യജീവി സങ്കേതം
11. ആറളം വന്യജീവി സങ്കേതം
12. പേപ്പാറ വന്യജീവി സങ്കേതം
13. തട്ടേക്കാട് വന്യജീവി സങ്കേതം
14. ചിമ്മിനി വന്യജീവി സങ്കേതം

(സി) ലഭിക്കുന്നുണ്ട്.

1. തേക്കടിയിലെ പെരിയാർ ടൈഗർ റിസർവിൽ ഗ്ലോബൽ എൻവയോൺമെന്റൽ ഫെസിലിറ്റി (ജി.ഇ.എഫ്)-യുടെ സഹായത്തോടുകൂടി ഇൻഡ്യാ ഇക്കോ ഡവലപ്മെന്റ് പദ്ധതി 1996 മുതൽ നടപ്പിലാക്കി വരുന്നു.

2. വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ ആന്റ് നേച്ചർ കൺസർവേഷൻ - വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശം ഒഴിവാക്കുന്നതിലേക്കായി വൈദ്യുതി കമ്പിവേലി നിർമ്മിക്കുവാൻ സാമ്പത്തിക സഹായം നൽകിയും, സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ മോട്ടോർ സൈക്കിളുകൾ വിതരണം ചെയ്തും സഹായം നൽകിയിട്ടുണ്ട്.

3. ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കേരള ഫോറസ്ട്രി പ്രോജക്ടിൽ ജൈവവൈവിധ്യസംരക്ഷണത്തിനും കാട്ടുതീ തടയുന്നതിനും ജനപങ്കാളിത്തത്തോടെ വനസംരക്ഷണ പ്രവർത്തനങ്ങൾക്കും പദ്ധതിവിഹിതം ലഭിക്കാറുണ്ട്.

(ഡി) നിലവിൽ ഒന്നും ആവശ്യപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

**കേന്ദ്ര സർക്കാരിന്റെ പഴം, പച്ചക്കറി കയറ്റുമതി പദ്ധതിയിൽ മലബാർ മേഖലയെക്കൂടി ഉൾപ്പെടുത്താൻ നടപടി**

*691. ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. യു.സി. രാമൻ :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. സി.പി.എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പഴം പച്ചക്കറി കയറ്റുമതി പദ്ധതിക്കായി കേരളത്തിലെ ഒൻപതു ജില്ലകളെ തെരഞ്ഞെടുത്ത നടപടിയെക്കുറിച്ച് വിശദീകരിക്കാമോ ;

(ബി) പഴം, പച്ചക്കറി ഉൽപ്പന്നങ്ങൾ കൂടുതലായി കൃഷി ചെയ്യുന്ന മലപ്പുറം, കോഴിക്കോട് ജില്ലകളുൾപ്പെടെ മലബാർ മേഖലയെ ഈ പദ്ധതിയിൽ നിന്നും ഒഴിവാക്കിയ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) മലബാർ മേഖലയെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടംവരെയായി എന്നു വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീമതി കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :**

(എ) (ബി) &(സി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കയറ്റിറക്കുമതി നയത്തിന്റെ ഭാഗമായി കയറ്റുമതി വർദ്ധിപ്പിക്കുവാനുള്ള ഉദ്ദേശത്തോടുകൂടിയാണ് കാർഷിക കയറ്റുമതി മേഖലകൾ രൂപീകരിക്കുന്നത്. ഓരോ കയറ്റുമതിമേഖലയും അനുവദിക്കുന്നത് കേന്ദ്രസർക്കാരിന്റെ നിബന്ധനകൾ അനുസരിച്ചാണ്. ഇങ്ങനെ ഒരു പ്രത്യേക പ്രദേശത്തെ വിളകൾ തെരഞ്ഞെടുത്ത് അവയുടെ ഉൽപ്പാദനം മുതൽ കയറ്റുമതി വരെയുള്ള കാര്യങ്ങൾ ഏകോപിച്ചുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അടുത്തടുത്ത് സ്ഥിതിചെയ്യുന്നതും മറ്റ് സൗകര്യങ്ങളും പരിഗണിച്ചാണ് കേരളത്തിൽ പഴം, പച്ചക്കറികൾക്ക് വേണ്ടി കാർഷിക കയറ്റുമതി മേഖല തിരുവനന്തപുരം മുതൽ പാലക്കാട് വരെയുള്ള ഒൻപത് ജില്ലകളെ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

കേന്ദ്ര സർക്കാർ സംസ്ഥാനത്തിനനുവദിച്ച ആദ്യത്തെ കയറ്റുമതി മേഖലയാണ് പഴം, പച്ചക്കറി കയറ്റുമതി മേഖല.

മുകളിൽപ്പറഞ്ഞ നിബന്ധനകൾ അനുസരിച്ച് സംസ്ഥാനത്തെ മറ്റു ജില്ലകളെ കേന്ദ്രസർക്കാരിന് സമർപ്പിച്ച പദ്ധതിയിൽ ഉൾക്കൊള്ളിക്കുവാൻ കഴിഞ്ഞില്ല.

(ഡി) ഇപ്പോൾ അനുവദിച്ച പഴം, പച്ചക്കറി കയറ്റുമതി മേഖലയിൽ മലബാർ മേഖലയെ ഉൾക്കൊള്ളിച്ചിട്ടില്ലെങ്കിലും സംസ്ഥാനത്ത് പുഷ്പകൃഷി, ഔഷധ സസ്യങ്ങൾ, സുഗന്ധ ദ്രവ്യങ്ങൾ എന്നിവയ്ക്കുവേണ്ടി കാർഷിക കയറ്റുമതി മേഖലകൾ സ്ഥാപിക്കുവാൻ സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇവ രൂപീകരിക്കുംപോൾ മലബാർ മേഖലയെക്കൂടി ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുന്നതാണ്.

## ബസുമതി നെൽകർഷകർക്ക് പ്രോത്സാഹനം

*692. ശ്രീ. എ.കെ. മണി :

ശ്രീ. എം.എ. ചന്ദ്രശേഖരൻ :

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബസുമതി നെല്ല് എവിടെയെല്ലാം കൃഷി ചെയ്യുന്നു ;

(ബി) അതിന്റെ ഉൽപ്പാദനക്ഷമത എത്രയാണ് ;

(സി) ബസുമതി നെൽകൃഷി കർഷകർക്ക് ലാഭകരമാണോ ;

(ഡി) എങ്കിൽ അതിനു വേണ്ട പ്രോത്സാഹനം നൽകുമോ എന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :**

(എ) വയനാട് ജില്ലയിൽ 12 ഹെക്ടർ സ്ഥലത്ത് ബസുമതി നെല്ല് കൃഷിചെയ്യുന്നുണ്ട്.

(ബി) ബസുമതി നെല്ലിന്റെ ഉൽപ്പാദനക്ഷമത ഒരു ഹെക്ടറിൽ 1.5 – 2 ടൺ ആണ്.

(സി) &(ഡി) ബസുമതി നെല്ല് സംസ്ക്കരിച്ച് അരിയാക്കുന്നതിന് അതാതു സ്ഥലത്ത് സംസ്ക്കരണ യൂണിറ്റുകൾ ഇപ്പോൾ നിലവിലില്ല. സ്റ്റേറ്റ്ഫാമിംഗ് കോർപ്പറേഷന്റെ കീഴിലുള്ള പന്തളം ഹെർബൽ ഗാർഡൻസിൽ ഉള്ള ഏക സംസ്കരണ യൂണിറ്റിൽ ഇപ്പോൾ ബസുമതി നെല്ല് സംസ്കരിക്കുന്നുണ്ട്. വയനാട്ടിലും മറ്റ് ദൂരസ്ഥലങ്ങളിലും ഉൽപ്പാദിപ്പിക്കുന്ന ബസുമതി നെല്ല് ഈ യൂണിറ്റിൽ കൊണ്ടുവന്ന് സംസ്ക്കരിക്കുന്നത് പ്രായോഗികമല്ല. തന്നെയുമല്ല ബസുമതി ഇനങ്ങൾ നല്ല വിളവ് തരുന്നെങ്കിലും നമ്മുടെ കാലാവസ്ഥയിൽ അരിയുടെ നിലവാരം വ്യക്തമായിട്ടില്ലാത്തതിനാലും പേറ്റന്റ് നിയമം അനുസരിച്ച് അവ 'ബസുമതി' ആയി കണക്കാക്കാൻ ചില സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടായേക്കാമെന്നതിനാലും 'ബസുമതി' കൃഷിയേക്കാൾ നല്ലത് നമ്മുടെ തന്നെ പരമ്പരാഗത സുഗന്ധ നെല്ലിനങ്ങളായ കായമ/ജീരകശാല/ഗന്ധകശാല എന്നിവയ്ക്ക് മുൻതൂക്കം നൽകുന്നതാകും അഭികാമ്യമെന്ന് കേരള കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട് .

## ഗ്രീനിംഗ് ദി സ്റ്റേറ്റ് പദ്ധതി

*693. ശ്രീ. പി.എസ്. സുപാൽ :

ശ്രീ. എം. കുമാരൻ :

ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ഗ്രീനിംഗ് ദി സ്റ്റേറ്റ്' എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി മുഖേന എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഈ പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കി; ഓരോ ജില്ലയിലും ഇതിനുവേണ്ടി എന്തു തുകവീതം ചെലവാക്കിയെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ ഏതെല്ലാം സംഘടനകളുടെ പങ്കാളിത്തം നാളിതുവരെ ഉറപ്പാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതി എത്രകാലം കൊണ്ട് പൂർണ്ണമാക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്. വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസം, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളുടേയും എൻ.എസ്.എസ്. വോളണ്ടിയർമാരുടെയും മറ്റ് സന്നദ്ധസംഘടനകളുടേയും സമ്പൂർണ്ണ സഹകരണത്തോടും പങ്കാളിത്തത്തോടും കൂടി സംസ്ഥാനത്തെ നാഷണൽ ഹൈവേകളുടേയും സ്റ്റേറ്റ് ഹൈവേകളുടേയും ഇരുവശങ്ങളിലും മറ്റ് തരിശുഭൂമികളിലും ഗവൺമെന്റ്-ഗവൺമെന്റിതര സ്ഥാപനങ്ങളുടെ കോമ്പൗണ്ടുകളിലും മരം വച്ചുപിടിപ്പിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 'ഹരിതോൽസവം' (ഴൃലലിശിഴ വേല ടമേലേ ുൃീഴൃമാാല) എന്ന പേരിൽ നടപ്പിലാക്കി വരുന്നുണ്ട്.ഇപ്രകാരം നട്ടുപിടിപ്പിക്കുന്ന തൈകളുടെ സംരക്ഷണം, വനംവകുപ്പിന്റെ സഹകരണത്തോടുകൂടി സന്നദ്ധ സംഘടനകളേയും, എൻ.എസ്.എസ്. വോളന്റീയർമാരെയുമാണ് ഏൽപ്പിച്ചിട്ടുള്ളത്. പ്രസ്തുത പരിപാടിയുടെ ഭാഗമായി 2003-2004 വർഷത്തിൽ നടുന്നതിനായി റോഡ്സൈഡിൽ ഓരോ ഡിവിഷനിലും 2500 വലിയ തൈകളും ഇൻസ്റ്റിറ്റ്യൂഷണൽ പ്ളാന്റിംഗിന് 25000 തൈകളും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ട്രീ ഗാർഡുകൾ സ്പോൺസർഷിപ്പായി ലഭിക്കുന്ന മുറയ്ക്ക് റോഡ് സൈഡുകളിൽ മരങ്ങൾ നടുന്നതിനാണ് ഈ വർഷം ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ 14 ജില്ലകളിലും പ്രസ്തുത പദ്ധതി 2002-2003 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിക്ക് ചെലവായ തുക (2003 മാർച്ച് വരെ) ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 1,90,874 രൂപ |
| കൊല്ലം | - | 1,99,943 രൂപ |
| പത്തനംതിട്ട | - | 1,28,528 രൂപ |
| ആലപ്പുഴ | - | 1,24,200 രൂപ |
| കോട്ടയം | - | 1,90,710 രൂപ |
| ഇടുക്കി | - | 2,00,000 രൂപ |
| എറണാകുളം | - | 1,98,685 രൂപ |
| തൃശൂർ | - | 2,00,000 രൂപ |
| പാലക്കാട് | - | 1,65,992 രൂപ |
| മലപ്പുറം | - | 1,50,643 രൂപ |
| കോഴിക്കോട് | - | 1,99,768 രൂപ |
| വയനാട് | - | 86,414 രൂപ |
| കണ്ണൂർ | - | 1,99,906 രൂപ |
| കാസർഗോഡ് | - | 2,49,813 രൂപ |

(സി) പ്രസ്തുത സംരംഭം നടപ്പിലാക്കിയത് എൻ.എസ്.എസ്. തുടങ്ങിയ സന്നദ്ധ സംഘടനകളുടേയും പൊതുജനങ്ങളുടേയും സഹകരണത്തോടും പങ്കാളിത്തത്തോടും കൂടിയാണ്. കൂടാതെ ഹരിതോൽസവത്തിൽ നട്ട ചെടികളുടെ സംരക്ഷണം വനം വകുപ്പിന്റെ സഹകരണത്തോടുകൂടി എൻ.എസ്.എസ്. വോളണ്ടിയർമാരേയും മറ്റ് സന്നദ്ധസംഘടനകളേയുമാണ് ഏൽപ്പിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ തുടർന്നുള്ള നടത്തിപ്പിനും പ്രസ്തുത സന്നദ്ധസംഘടനകളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

(ഡി) ഗ്രീനിംഗ് ദി സ്റ്റേറ്റ് പ്രോഗ്രാം 2002-ൽ തുടങ്ങി 2007 വരെ തുടരുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതിനായി വിശദമായ ഒരു പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

## വില്‍പ്പന നികുതിവകുപ്പിലെ ഇന്റലിജന്‍സ് വിഭാഗത്തിന്റെ ഘടനയും പ്രവര്‍ത്തനലക്ഷ്യവും

694. ശ്രീ. മത്തായി ചാക്കോ
ശ്രീ ടി.കെ. ബാലന്‍
ശ്രീ എ.കെ. ബാലന്‍
ശ്രീ.പി.സിജോര്‍ജ് : താഴെക്കാണുന്ന ചോദ്യങ്ങള്‍ക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ ;

(എ) വില്‍പ്പന നികുതി വകുപ്പിലെ ഇന്റലിജന്‍സ് വിഭാഗത്തിന്റെ ഘടനയും പ്രവര്‍ത്തന ലക്ഷ്യവും വിശദമാക്കാമോ;

(ബി) നികുതിവെട്ടിപ്പ് തടയുന്നതിന് ഇന്റലിജന്‍സ് വിഭാഗത്തിന്റെ സേവനം എത്രത്തോളം പ്രയൊജനപ്രദമാകുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇക്കഴിഞ്ഞ ഒരു വര്‍ഷത്തിനകം ഇന്‍റലിജന്‍സ്ിഭാഗം സെയില്‍സ് ടാക്സ് വകുപ്പിലെ ഏതെങ്കിലും ഉദ്യ്യോഗസ്ഥരുടെ പേരില്‍ കേസ് രജിസ്റ്റര്‍ ചെയ്തിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കില്‍ ആ കേസുകളുടെ പുരോഗതി വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണന്‍ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി)**

(എ) വാണിജ്യനികുതി വകുപ്പുകമ്മീഷണറുടെ മേല്‍നോട്ടത്തില്‍ തിരുവനന്തപുരം ആസ്താനമായി ഒരു ജൊയിന്റ് കമ്മീഷണര്‍ (എന്‍ഫോഴ്സ്മെന്റ്) ഉണ്ട്. അദ്ദേഹത്തിന്റെ കീഴില്‍ തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളില്‍ ഓരോ ഡെപ്യൂട്ടി കമ്മീഷണര്‍ (ഇന്റലിജന്‍സ്) തസ്തിക വീതവും ഉണ്ട്. ഇവരുടെ കീഴില്‍ വിവിധ മേഖലകളിലായി 11 ഇന്റലിജന്‍സ് ഇന്‍സ്1പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണര്‍മാരും കൂടാതെ ഇന്‍വെസ്റ്റഗേഷന്‍ പ്രവര്‍ത്തനങ്ങള്‍ക്കായി തിരുവനന്തപുരം, എറണാകുളം പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളില്‍ നാല് ഇന്‍സ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണര്‍മാരുമുണ്ട്. ഇതിനുപുറമേ വാണിജ്യനികുതി വകുപ്പുകമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തില്‍ ഇന്‍സ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണര്‍ (കൊമേഴ്സ്യല്‍ ഇന്‍വെസ്റ്റിഗേഷന്‍) പ്രവര്‍ത്തിക്കുന്നു. ഓരോ ജില്ലയിലും ഇന്റലിജന്‍സ് ഓഫീസര്‍മാരും അവരുടെ നേതൃത്വത്തില്‍ 41 ഇന്റലിജന്‍സ് സ്ക്വാഡുകളും 15 ഇന്‍വെസ്റ്റിഗേഷന്‍ വിംഗുകളും 12 കൊമേഴ്സ്യല്‍ ഇന്‍വെസ്റ്റിഗേഷന്‍ യൂണിറ്റുകളും പ്രവര്‍ത്തിക്കുന്നു.

നികുതി വെട്ടിപ്പ് കണ്ടുപിടിക്കുകയും തടയുകയും ചെയ്യുന്നതിനുവേണ്ടി കട പരിശോധന, വാഹന പരിശോധന, അന്യസംസ്ഥാനങ്ങളില്‍ നിന്നും മറ്റ് ഏജന്‍സികളില്‍ നിന്നും വിരങ്ങള്‍ ശേഖരിച്ചും നിയമപ്രകാരമുള്ള തുടര്‍ നടപടികള്‍ എടുക്കുകയും ചെക്ക് പോസ്റ്റിലെ അന:ധികൃത നടപടികളെ നിയന്ത്രിക്കുക, നികുതി വെട്ടിപ്പ് തടയുക എന്നിവയാണ് ഇന്റലിജന്‍സ് വിഭാഗത്തിന്റെ പ്രവര്‍ത്തനലക്ഷ്യം.

(ബി) ഇന്റലിജന്‍സ് വിഭാഗത്തിന്റെ പ്രവര്‍ത്നങ്ങളില്‍ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തില്‍ ശരിയായ വിധത്തില്‍ നികുതി നിര്‍ണ്ണയിക്കുവാനും നികുതി വെട്ടിപ്പ് തടയുന്നതിനും സാധിക്കുന്നു.

(സി) 2002-2003 സാമ്പത്തികവര്‍ഷം ഇന്റലിജന്‍സ് വിഭാഗം വാഹന പരിശോധനയിലും കട പരിശോധനയിലുമായി 38334 കേസുകള്‍ രജിസ്റ്റര്‍ സെയ്തിട്ടുണ്ട്. ഭൂരിഭാഗം കേസുകളിലും സെക്യൂരിറ്റി ഈടാക്കുകയും മറ്റ് കേസുകളില്‍ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കുകയും കോമ്പൗണ്ട് ചെയ്യാനും കേസുകളില്‍ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇന്റലിജന്‍സ് വിഭാഗത്തിന്റെ റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ കുറ്റക്കാരായ ഉദ്യ്യോഗസ്ഥന്‍മാര്‍ക്കെതിരെ വകുപ്പുതല ശിക്ഷണ നടപടികള്‍ സ്വീകരിക്കാറുണ്ട്.

ആകെ 53 ഉദ്യേഗസ്ഥരുടെ പേരില്‍ വകുപ്പുതല അന്വേഷണ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്. ഇതില്‍ 3 പേര്‍ക്കെതിരെയുള്ള ശിക്ഷാനടപടികളില്‍ അന്തിമതീരുമനമായിട്ടുണ്ട്. ബാക്കിയിുള്ളവരുടെ പേരിലുള്ള നടപടികള്‍ വിവിധ ഘട്ടങ്ങളിലാണ്.

## സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന കയർ ഉൽപ്പന്നങ്ങൾ

695. ഡോ. തോമസ് ഐസക്

ശ്രീ ടി.കെ. ദേവകുമാർ
ശ്രീ.പി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന കയർ ഉല്പ്പന്നങ്ങളുടെ തോത് എത്രയാണെന്ന് സർക്കാർ തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ചെറുകിട ഉല്പ്പാദകരുടെ കൈവശം മാർക്കറ്റ് കണ്ടെത്താനാവാതെ കെട്ടിക്കിടക്കുന്ന കയല്ർ ഉല്പ്പന്നണങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) കേരള സംസ്ഥാന കയർ കോർപ്പറേഷൻ ഇക്കാര്യത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ഡി) ചെറുകിട ഉല്പാദകരിൽ നിന്നും കെട്ടിക്കിടക്കുന്ന കയറുല്പ്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനമേഖല ശക്തമാക്കുന്നതിനും സംസ്ഥാന സർക്കാർ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ;

(ഇ) കയർ ഉല്പ്പന്നങ്ങൾക്ക് കൂടുതൽ മാർക്കറ്റ് കണ്ടെത്തുന്നതിനുള്ള തീവ്രപരിപാടികൾക്ക് സർക്കാർ രൂപം നൽകുമോ എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**
**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) & (സി) ചെറുകിട ഉല്പാദകരിൽ നിന്നും കയർ കോർപ്പറേഷൻ നേരിട്ട് കയറുല്പ്പന്നങ്ങൾ വാങ്ങുന്നുണ്ട്. ഇതുകൂടാതെ വിപണി കണ്ടെത്താൻ കഴിയാത്ത ചെറുകിട ഉല്പാദകരുടെ കൈവശം ഉണ്ടെന്ന് ഡിസ്ട്രസ് പർച്ചേസ് പദ്ധതിപ്രകാരം അറിയിച്ച 376 ലക്ഷം രൂപ യുടെ കയറുല്പന്നങ്ങളിൽ 15.07.03 വരെ 300 ലക്ഷം രൂപയുടെ പർച്ചേസ് ഓർഡർ കൊടുക്കുകയും അതിൽ 160 ലക്ഷം രൂപയുടെ കയർ ഉല്പ്പന്നങ്ങൾ സംഭരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 839 ലക്ഷം രൂപയുടെ ഡിസ്ട്രസ് പർച്ചേസ് പദ്ധതി നടപ്പാക്കിവരുന്നു. ഏഴുകോടി രൂപ റിബേറ്റ് കുടിശ്ശിക തീർക്കുന്നതിനായി നൽകി. കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കാൻ കയർ കോർപ്പറേഷനും 10 മാറ്റ്സ് ആന്റ് മാറ്റിംങ്സ് സൊസൈറ്റികൾക്കും ധനസഹായം നൽകി. ചെറുകിട കയറുല്പാദക സൊസൈറ്റികൾക്ക് എം.ഡി.എ നൽകുന്നുണ്ട്. ചെറുകിട കയറുല്പാദകർക്കായി പൊതുസ്വകാര്യ സേവന കേന്ദ്രം സ്ഥാപിക്കുന്ന പദധതി നടപ്പിലാക്കി വരുന്നു. സ്വകാര്യമേഖലയിൽ ഡിഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള സബ്സിഡിയും മാർജിൻ മണി വായ്പയും അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(ഇ) കയർ ഭൂവസ്ത്ര വികസന പരിപാടി എംഡി.എ. നാഷണൽ കയർ റിസേർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ, സ്വകാര്യ സംരംഭകരെ ആകർഷിക്കുന്നതിനുള്ള മാർജിൻ മണി വായ്പ, ഡിഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള സ്ബ്സിഡി, ചകിരിച്ചോറിൽ നിന്നും ഊർജ്ജവും ഉൽപ്പന്നങ്ങളും ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾക്കുള്ള സബ്സിഡി, കോമൺ ഫെസിലിറ്റി സർവീസ് സെന്റർ തുടങ്ങിയ പദ്ധതികൾ എല്ലാംതന്നെ ഈ ഉദ്ദേശത്തോടുകൂടിയുള്ളതാണ്.

## നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ

696. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ കെ.വി. കുഞ്ഞിരാമൻ
ശ്രീ വി.കെ.സി. മമ്മത്കോയ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സിവിൽസപ്ളൈസ് കോർപ്പറേഷൻ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) മാർക്കറ്റിൽ ഇടപെടുന്നതിന്റെ ഭാഗമായി ഭക്ഷ്യധാന്യങ്ങൾ ഉൽപ്പാദനകേന്ദ്രത്തിൽ നിന്ന് നേരിട്ട് വാങ്ങുന്ന നടപടി ഇപ്പോഴും തുടരുന്നുണ്ടോ;

(ഡി) സിവിൽ സപ്ളൈസ് കോർപ്പറേഷൻ നിത്യോപയോഗ സാധനങ്ങൾ മാർക്കറ്റു വിലയേക്കാൾ കൂടിയ വിലയ്ക്ക് വാങ്ങുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) ഇതുമൂലം സിവിൽ സപ്ളൈസ് കോർപ്പറേഷന് നഷ്ടം ഉണ്ടായിട്ടുണ്ടൊ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി)**

(എ) സിവിൽ സപ്ളൈസ് കോർപ്പറേഷൻ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നത് എല്ലാമാസവും അഖിലേന്ത്യാതലത്തിൽ പത്ര പരസ്യം നൽകി ടെണ്ടർ മുഖേനയാണ്. ടെണ്ടർ സമർപ്പിക്കുന്നവർ ഒപ്പിട്ട ടെണ്ടർ ഫോമിനൊപ്പം നൽകാനുദ്ദേശിക്കുന്ന സാധനത്തിന്റെ അളവും വലയും സാമ്പിളും നൽകെണ്ടതും ടെണ്ടറിനൊപ്പം നിശ്ചിത തുക നിരത ദ്രവ്യം ആയി വയ്ക്കേണ്ടതുമുണ്ട്. കൂടാതെ പർച്ചേസ് ഓർഡർ ലഭിക്കുന്നവർ ഓർഡർ കിട്ടിയ സാധനങ്ങളുടെ വിലയുടെ 1% വരുന്ന തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി അടയ്ക്കുകയും വേണം. വാങ്ങൽ സംബന്ധിച്ച മുഴുവൻ ഇടപാടും തീർന്നതിനുശേഷം ഈ തുക മടക്കി നൽകാറുണ്ട്.

(ബി) ഇല്ല.

(സി) മുൻകാലങ്ങളിലേപ്പോലെ ഇപ്പോഴും ടെണ്ടർ ുുകേനതന്നെയാണ് ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നത്.

(ഡി)യും (ഇ) യും (എഫ്) ഉം : ചില പരാതികൾ ശ്രദ്ധയിൽപ്പെടുതയും വിശദമായ അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. ആരോപണങ്ങള അടിസ്ഥാന രഹിതമാണെന്ന് കണ്ടെത്തിയതിനാൽ നടപടി സ്വീകരിക്കേണ്ടി വന്നിട്ടില്ല.

(ജി) നഷ്ടം ഉള്ളതായി കണ്ടെത്തിയിട്ടില്ല.

<u>**സ്വന്തം കൃഷിഭൂമിയിൽ ഇഷ്ടമുള്ള വിളകൾ കൃഷി ചെയ്യുന്നതിന് നിലവിലുള്ള നിയമതടസ്സം**</u>

697. ശ്രീ. കളത്തിൽ അബ്ദുള്ള
ശ്രീ.പി.കെ. അബ്ദുറബ്ബ്
ശ്രീപി.കെ. കെ. ബാവ
ശ്രീ ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് കർഷകന് സ്വന്തം കൃഷിഭൂമിയിൽ ഇഷ്ടമുള്ള വളകൾ കൃഷി ചെയ്യുന്നതിന് നിയമതടസ്സം നിലവിലുണ്ടൊ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാമാണ് തടസ്സം എന്ന് വ്യക്തമാക്കുമോ;

(സി) ഇതുമൂലം കർഷകന് നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്ന വിളകൾ മാറ്റി കൃഷി ലാഭകരമാക്കുന്നതിനുതകുന്ന വിളകൾ കൃഷി ചെയ്യുന്നതിന് അനുവാദം കിട്ടത്തക്കനിലയിൽ നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിന് നടപടി ഉണ്ടാകുമോ ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) 1967 ലെ കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡറിലെ ക്ളാസ് 6 അനുസരിച്ച് ഈ ഓർഡർ നിലവിൽ വന്നതിനുമുൻപോ ശേഷമോ തടർച്ചയായി മൂന്നുവർഷം കൃഷി ചെയ്തിരുന്ന ഭക്ഷ്യവിളകളായ നെല്ല്,കരിമ്പ്, മരച്ചീനി, ചേന തേയില, കാപ്പി, ഏലം , കുരുമുളക്, നിലക്കടല, വാഴ തുടങ്ങിയവ മാറ്റി മറ്റു വിളകൾ കൃഷി ചെയ്യുന്നതിനം മറ്റു തരത്തിൽ തരം മാറ്റുന്നതിനും ബന്ധപ്പെട്ട ജില്ലാകളക്ടറുടെ രേഖാമൂലമുള്ള അനുവാദം വാങ്ങേണ്ടതാണ്. അനധികൃത തരമാറ്റത്തിനെതിരെ കെ.എൽ.യു ഉത്തരവിന്റെ ക്ളാസ് 7 അനുസരിച്ച് നടപടി സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്.

(സി) നിയമം ഭേദഗതി ചെയ്യുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഓരോ കേസിന്റെയും മെരിറ്റനുസരിച്ച് തീരമാനമെടുക്കാനുള്ള അധികാരം ബന്ധപ്പെട്ട അധികാരികൾക്ക് കെ.എൽ.യു. ഓർഡർ പ്രകാരം ഉണ്ട്.

<u>**ശബരിമല ഉൾപ്പെടെയുള്ള വനമേഖല വന്യജീവി സംരക്ഷണ് മേഖലയാക്കാൻ നടപടി**</u>

698. ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ തോമസ് ചാഴികാടൻ
ശ്രീ കെ. നാരായണക്കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ശബരിമലയിൽപ്പെടെയുള്ള വനമേഖല ഏത് ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽ വരുന്നതാണെന്ന് അറിയിക്കാമോ;

(ബി) ശബരിമല ഉൾപ്പെടെയുള്ള വനമേഖല വന്യജീവി സംരക്ഷണ മേഖലയാക്കാൻ കേന്ദ്ര സർക്കാർ നടപടി എടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൻ പ്രകാരം ഉള്ള വിശദാംശം അറിയിക്കാമോ ;

(സി) ശബരിമലയിടെ പ്രധാന കേന്ദ്രങ്ങളായ പമ്പ നിലയ്ക്കൽ എന്നീ പ്രദേശങ്ങളുടെ വികസനത്തെ ഇത് പ്രതികൂലമായി ബാധിക്കാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

**ഉത്തരം**
**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി)**

(എ) പെരിയാർ ടൈഗർ റിസർവ് (വെസ്റ്റ്) ഡിവിഷന്റെ പരിധിയിൽ വരുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശബരിമല ഉൾപ്പെടെയുള്ള വനമേഖല 1933 മുതൽ തന്നെ വന്യജീവി സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിച്ച് പരിരക്ഷിച്ചുവരുന്നു. 1978 മുതൽ പ്രസ്തുത കേന്ദ്രം ദേശീയ സംരക്ഷണ പദ്ധതിയായ പ്രോജക്ട് ടൈഗറിൽ ഉൾപ്പെടുത്തി ഒരു കടുവ സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിച്ച് സംരക്ഷിച്ചുപോരുന്നു.

(സി) പമ്പ നിലയ്ക്കൽ എന്നീ പ്രദേശങ്ങൾ റിസർവ് വനമേഖല ആയതിനാൽ 1980 ലെ കേന്ദ്ര വനസംരക്ഷണ നിയമം അനുസരിച്ച് വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കണമെങ്കിൽ കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങെണ്ടതുണ്ട്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ടെ വികസനപ്രവർത്തനങ്ങളാണ് പമ്പ, നിലയ്ക്കൽ പ്രദേശങ്ങൾക്ക് വേണ്ടതെങ്കിൽ നിശ്ചയമായും കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങേണ്ടതുണ്ട്.

<u>**വനം വന്യ ജീവി സംരക്ഷണം**</u>

699. ശ്രീ. രാജു എബ്രഹാം
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വനം വന്യജീവിസംരക്ഷണ മേഖലയുടെ വികസനത്തിനായി സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് പറയാമോ;

(സി) വന്യജീവി സംരക്ഷണ പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) വനം വന്യജീവി സംരക്ഷണത്തെക്കുറിച്ച് ജനങ്ങളിലും ജീവനക്കാരിലും അവബോധം വളർത്താനും ശാസ്ത്രീയമായ അറിവ് ലഭിക്കുന്നതിനും എന്തെങ്കിലും പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**
**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി)**

(എ) വനം വന്യജീവി സംരക്ഷണ മേഖലകളുടെ സമഗ്ര വികസനത്തിനായി 50% കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികളും 100% കേന്ദ്രാവിഷ്കൃത പദ്ധതതികളായ പ്രോജക്ട് ടൈഗർദ പ്രോജക്ട് എലിഫന്റ്, ബയോസ്ഫിയർ റിസർവ് എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇവ കൂടാതെ ഗ്ളോബൽ എൻവയോൺമെന്റ് ഫെസിലിറ്റി (ജി.ഇ.എഫ്) മുഖേന ധനസഹായമുള്ള ഇന്ത്യ ഇക്കോ ഡവലപ്മെന്റ് പദ്ധതി തേക്കടിയിലും, ഇതര സംരക്ഷിത മേഖലകളിൽ ലോകബാങ്ക് ധനസഹായമുള്ള കേന്ദ്ര ഫോറസ്ട്രി പ്രോജക്ടിന്റെ ഘടകമായുള്ള പ്രത്യേക പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. ജൈവവൈവിധ്യ സംരക്ഷണം ലക്ഷ്യമിട്ടുള്ള പ്രത്യേക സംസ്ഥാന പദ്ധതികളും നടപ്പിലാക്കിവരുന്നു

(ബി) സംസ്ഥാനത്ത് വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. 50% കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശിയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും വികസനം
2. തേക്കടിയിൽ നടത്തിവരുന്ന പ്രോജക്ട് ടൈഗർ
3. പ്രോജക്ട് എലിഫന്റ് (100% കേന്ദ്രാവിഷ്കൃത പദ്ധതി)
4. നീലഗിരി ബയോസ്ഫിയർ റിസർവ് (100% കേന്ദ്രാവിഷ്കൃത പദ്ധതി)
5. അഗസ്ത്യമല ബയോസ്ഫിയർ റിസർവ് (100% കേന്ദ്രാവിഷ്കൃത പദ്ധതി)
6. ഗ്ളോബൽ എൻവയോൺമെന്റ് ഫെസിലിറ്റി മുഖേനയുള്ള ധനസഹായത്തോടെ തേക്കടിയിൽ നടത്തിവരുന്ന ഇന്ത്യ ഇക്കോ ഡവലപ്മെന്റ് പദ്ധതി)

(സി) ലഭിച്ചിട്ടുണ്ട്. 50% കേന്ദ്ര സഹായത്തോടെയുള്ള സമഗ്ര വികസന പദ്ധതികളിൽ ഉൾപ്പെടുത്തി 119798 മുതൽ 2000-2003 വരെ 1148.51 ലക്ഷം രൂപ കേന്ദ്ര ധന സഹായമായി ലഭിച്ചിട്ടുണ്ട്. 100% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പ്രോജക്ട് എലിഫന്റ് പദ്ധതി പ്രകാരം 1991-92 മുതൽ 2002-2003 വരെ സംസ്ഥാനത്തെ 4 എലിഫന്റ് റിസർവുകളുടെ സംരക്ഷണത്തിനായി 863.962 ലക്ഷം തുക ലഭിച്ചിട്ടുണ്ട്. 100% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിവരുന്ന നീലഗിരി ബയോസ്ഫിയർ റിസർവ് സ്കീമിൽ ഉൾപ്പെടുത്തി സംരക്ഷിത മേഖലകൾക്കും മറ്റുമുള്ള വന പ്രദേശങ്ങൾക്കുമായി 1986-87 മുതൽ 2002-2003 വരെ 481.51 ലക്ഷം ലഭിച്ചിട്ടുണ്ട്. 100 % കേന്ദ്ര സഹായത്തോടെ നടപ്പലാക്കിവരുന്ന അഗസ്ത്യവന ബയോസ്ഫിയർ റിസർവ് സ്കീമിൽ ഉൾപ്പെടുത്തി സംരക്ഷിത മേഖലകൾക്കും മറ്റു വന പ്രദേശങ്ങൾക്കുമായി 2002-03 ൽ 12 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി (ജി.ഇ.എഫ്) മുഖേന തേക്കടിയിൽ നടപ്പിലാക്കിവരുന്ന ഇന്ത്യ ഇക്കോ ഡവലപ്മെന്റ് പദ്ധതിയ്ക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതുവരെയായി 2862.923 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രകൃതി പഠന ക്യാമ്പുകൾ, പരിശീലന പ്രവർത്തനങ്ങൾ, പഠന പര്യടനങ്ങൾ എന്നിവ നടപ്പിലാക്കിവരുന്നു. വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടത്തിവരുന്നു. വിപുലമായ കമ്പ്യൂട്ടറൈസ്ഡ് ലൈബ്രറി സൗകര്യം,ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പ്രവർത്തനങ്ങൾ എന്നിവ ബോധവൽക്കരണത്തിനായി നടത്തിവരുന്നു.

ജീവനക്കാർക്കുവേണ്ടി സ്റ്റഡി ടൂറുകളും, സെമിനാറുകളും, പരിശീലന ക്ളാസ്സുകളും ശിൽപ്പശാലകളും നടത്തിവരുന്നു.

## ചൂഷണത്തിന് വിധേയരാകുന്ന ഉപഭോക്താക്കൾ

700. ശ്രീ. തോമസ1 ഉണ്ണിയാടൻ
ശ്രീ സ്റ്റീഫൻ ജോർജ്
ശ്രീ ജോസഫ് എം പുതുശ്ശേരി
ശ്രീ മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരി വ്യവസായികളിൽ നിന്നും ഇടത്തട്ടുകാരിൽ നിന്നും ഉപഭോക്താക്കൾ നേരിടുന്ന ചൂഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടൊ;

(ബി) ഈ ചൂഷണം അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും കൈക്കൊള്ളാൻ ഉദ്ദേസിക്കുന്നവെന്നും വിശദമാക്കുമോ;

(സി) ഇതിനെതിരെ ജനങ്ങളെ ബോധവാൻമാരാക്കാൻ നടപടി സ്വീകിരക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സാസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) ഈ ചൂഷണം അവസാനിപ്പിക്കുന്നതിന് സർക്കാർ താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1. കേരളത്തിലെ പൊതുവിതരണ രംഗത്ത് ഗുണമേൻമയുള്ള സാധനങ്ങൾ മാത്രം ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഫുഡ് കോർപ്പറേഷൻ വഴി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.
2. ഉപഭോക്താക്കൾ നേരിടുന്ന ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനായി കേരള സംസ്റ്റേറ്റ് സിവിൽ സപ്ളൈസ് കോർപ്പറേഷൻ അതിന്റെ മാവേലി സ്റ്റോറുകൾ ലാഭം മാർക്കറ്റുകൾ എന്നീ വിപണന കേന്ദ്രങ്ങളിലൂടെ ആവശ്യ സാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡൈസ്ഡ് വിലയ്ക്ക് വിതരണം ചെയ്യുന്നു.
3. ഉത്സവവേളകളിൽ പൊതുവിപണിയിൽ ഉണ്ടാകുവാൻ ഇടയുള്ള വിലക്കയറ്റം ഫലപ്രദമായി നേരിടുന്നതിന് കോർപ്പറേഷൻ സംസ്ഥാനമൊട്ടാകെ ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിച്ച് ആവശ്യ സാധനങ്ങളും പച്ചക്കറികളും ന്യായവിലയ്ക്ക് വിതരണം ചെയ്യാറുണ്ട്.
4. സംസ്ഥാനത്ത് മാവേലീസ്റ്റോറുകൾ നിലവിലില്ലാത്ത എല്ലാ പഞ്ചായത്തുകളിലും മാവേലീസ്റ്റോർ ആരംഭിക്കുന്നതിനും കൂടുതൽ ലാഭം മാർക്കറ്റുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.
5. കൂടാതെ അനുചിത വ്യാപാര വൃത്തിമൂലം സംഭവിക്കുന്ന നഷ്ടം സാധനത്തിന്റെയും സേവനത്തിന്റെയും പോരായ്മകൾ സാധനങ്ങൾക്ക് കൂടുതൽ വില ഈടാക്കുക എന്നീ ചൂഷണങ്ങൾക്കെതിരെ പരാതി സമർപ്പിച്ച് പരിഹാരം കാണുന്നതിനായി ജില്ലാതലത്തിൽ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളും സംസ്താന തലത്തിൽ ഉപഭോക്തൃ തല്ർക്ക പരിഹാര കമ്മീഷനും പ്രവർത്തിച്ചുവരുന്നു.

6. ഇതൊടൊപ്പം തന്നെ ഉപഭോക്താക്കളെ ചൂഷണത്തിൽ നിന്നു് മോചിപ്പിക്കുന്നതിനായി ശക്തമായ ബോധവത്ക്കരണ പരിപാടികൾ സർക്കാർ തലത്തിൽ നടത്തുകയും ഇത്തരം പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധസംഘടനകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തുവരുന്നു.

(സി) ലഘുലേഖാ വിതരണം സെമിനാറുകൾ സന്നദ്ധ സംഘടനകൾ മുഖേനയുള്ള ചർച്ചാക്ളാസുകൾ എന്നിവ മുഖേന സാധാരണ ജനങ്ങളെ ഈ ചൂഷണത്തിനെതിരെ ബോധവാൻമാരാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ദേശീയ ഉപഭോക്തൃ ദിനമായ ഡിസംബർ 24 നും ലോക ഉപഭോക്തൃഅവകാശ ദിനമായ മാർച്ച് 15 നും ചൂഷണം അവസാനിപ്പിക്കുന്നതിന് പ്രത്യേക സമ്മേളനങ്ങളും ബോധവത്ക്കരണ പരിപാടികളും സംസ്ഥാനമൊട്ടാകെ നടത്തിവരുന്നു. കൂടാതെ ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി സംസ്ഥാന ഉപഭോക്തൃകാര്യവകുപ്പ് താഴെക്കാണിച്ച പരിപാടികൾ അടിയന്തിരമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

1. ഉപഭോക്തൃ ബോധവത്ക്കരണം ലക്ഷ്യമാക്കി ബുക്ക്ലെറ്റുകൾ പുറത്തിറക്കുക, ഉപഭോക്തൃ വാരാചരണം നടത്തുക എന്നിവ
2. ഒരു പ്രത്യേക ഡോക്യുമെന്ററിയുടെ നിർമ്മാണം.
3. ഉപഭോക്തൃ കോടതികളെ ശക്തിപ്പെടുത്തൽ
4. ജില്ലകളിൽ ഉപഭോക്തൃ സംരക്ഷണ കൗൺസിലുകൾ രൂപീകരിക്കുക.
5. സംസ്ഥാനത്തൊട്ടാകെ പരാതിപരിഹാര സെന്ററുകൾ സ്ഥാപിക്കുക
6. ഉപഭോക്തൃ വിഷയം സ്കൂൾ കോളേജ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക
7. ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ ഉപഭോക്തൃ ചൂഷണം അവസാനിപ്പിക്കുന്നതിന് സർവേ നടത്തുക.

## <u>വനമേഖലയിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന സസ്യങ്ങൾ</u>

701 ശ്രീ. കെ.പി.സതീശ് ചന്ദ്രൻ :

ശ്രീ. കെ.കെ.ജയചന്ദ്രൻ :

ശ്രീ. വി.ചെന്താമരാക്ഷൻ :

ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനമേഖലയിൽനിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന സസ്യ ജനുസ്സുകളുടെ സംരക്ഷണത്തിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) വനമേഖലയിൽ അപൂർവമാകുന്നതും വംശനാശഭീഷണി നേരിടുന്നതുമായ സ്പീഷീസുകളിൽപ്പെട്ട സസ്യങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ സംസ്ഥാനത്തെ വനമേഖലയിൽ അപൂർവമായിക്കൊണ്ടിരിക്കുന്ന സസ്യങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇവയിൽ ഏതൊക്കെ ജനുസ്സുകളാണ് റെഡ്ഡാറ്റാ ബുക്കിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും ഇതിനു വേണ്ടി സ്റ്റാറ്റസ് സർവ്വേ ഏത് ഏജൻസിയാണ് നടത്തിയതെന്നുമുള്ള വിശദാംശം നൽകാമോ ;

(ഇ) അത്യാധുനിക ജനിതക ഗവേഷണങ്ങളും പ്രവർത്തനങ്ങളും നടത്തി അപൂർവമായിക്കൊണ്ടിരിക്കുന്ന സസ്യങ്ങളുടെ സംരക്ഷണത്തിനും പ്രത്യുൽപാദനത്തിനും വേണ്ട നടപടികൾ സ്വീകരിക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ.കെ.സുധാകരൻ ( വനവും സ്പോർട്ട്സും വകുപ്പുമന്ത്രി ) :-**

(എ) സ്വീകരിച്ചിട്ടുണ്ട്. സംരക്ഷിത മേഖലകളായ വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളിലും ദേശീയോദ്യാനങ്ങളിലും വംശനാശം സംഭവിക്കാവുന്ന സസ്യ ജനുസ്സുകളെ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ സംരക്ഷിച്ചു വരുന്നു. കൂടാതെ വംശനാശം സംഭവിക്കാവുന്ന ജനുസ്സുകളെ സംരക്ഷിക്കുന്ന പ്രത്യേക പദ്ധതികളായ പ്രോജക്ടു റോസ് വുഡ്, വിവിധ സ്കീമുകളിലായി ചന്ദനം, ചെങ്കുറിഞ്ഞി , എബണി, ഔഷധ സസ്യങ്ങൾ എന്നിവയുടെ പ്രജനനം ഉറപ്പു വരുത്തുവാനുള്ള പദ്ധതികൾ , ഔഷധ സസ്യങ്ങളെ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ സംരക്ഷിക്കുന്നതിന് ലക്ഷ്യമിട്ട് ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫൗണ്ടേഷൻ ഫോർ റീ വൈറ്റലൈസേഷൻ ഓഫ് ലോക്കൽ ഹെൽത്ത് ട്രെഡിഷൻസ് മുഖേനെ നടപ്പാക്കി വരുന്ന 9 ഔഷധ സസ്യ സംരക്ഷണമേഖലകൾ ലോക ബാങ്ക് ധനസഹായമുള്ള കേരള ഫോറസ്ട്രി പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പ്രത്യേക ആവാസ വ്യവസ്ഥ പരിപാലന പദ്ധതി എന്നിവ നടപ്പിലാക്കുന്നുമുണ്ട്. സസ്യജാലങ്ങളുടെ വംശനാശത്തിന് വഴിയൊരുക്കുന്ന കാട്ടുതീ പ്രതിരോധിച്ചും സസ്യ ജനുസ്സുകളെ സംരക്ഷിച്ചു വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ കർശനമായ നിയമനിർമ്മാണം നടത്തിയും അവ ഫലപ്രദമായി നടപ്പിലാക്കിയും വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന സസ്യങ്ങളുടെ ശേഖരണവും ഉപയോഗവും നിയന്ത്രിച്ചുവരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഈട്ടി, ചന്ദനം, ചെങ്കുറിഞ്ഞി , മറ്റ് ഔഷധ സസ്യങ്ങൾ എന്നിവ അപൂർവ്വമായിക്കൊണ്ടിരിക്കുകയാണെങ്കിലും ബൊട്ടാണിക്കൽ സർവ്വേ ഓഫ് ഇൻഡ്യ ശാസ്ത്രീയ വിശകലനം നടത്തി തയ്യാറാക്കി അപൂർവ്വവും വംശനാശഭീഷണി നേരിടുന്നതുമായ കേരളത്തിലെ സസ്യജാലങ്ങളുടെ ലിസ്റ്റിൽപ്പെടുത്തിയ 159 സസ്യ ജാലങ്ങളുടെ വിവരം ഇതോടൊപ്പമുള്ള പ്രത്യേക പട്ടികയിൽ ചേർക്കുന്നു.

(ഡി) ചോദ്യം (സി) യുടെ ഉത്തരമായി നൽകിയിട്ടുള്ള പട്ടികയിൽപ്പെടുന്ന 159 സസ്യ ജനുസ്സുകളും റെഡ് ഡേറ്റാബുക്കിൽ ഉൾപ്പെടുത്തിയിട്ടുളളതാണ്. വിശദമായ സ്റ്റാറ്റസ് സർവേ നടത്തിയിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട പഠനങ്ങൾ ബൊട്ടാണിക്കൽ സർവേ ഓഫ് ഇൻഡ്യ, വനം വകുപ്പ്, പീച്ചിയിലെ കേരള വനം ഗവേഷണകേന്ദ്രം , പാലോട് ബൊട്ടാണിക്കൽ ഗാർഡൻ സർവകലാശാലകൾ എന്നിവ നടത്തിയിട്ടുണ്ട്.

(ഇ) വിവിധ പദ്ധതികളിലായി സസ്യജാലങ്ങളുടെ സംരക്ഷണത്തിനും, പ്രജനനത്തിനും വേണ്ടിയുള്ള നടപടികളും എടുത്തുവരുന്നു.

## വ്യാജ ജൈവവളങ്ങളുടെ വില്പന

702 ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃ,ഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പല ജില്ലകളിലും വിലയിലും ഗുണനിലവാരത്തിലും സർക്കാരിന്റേയോ കൃഷി വകുപ്പിന്റേയോ നിയന്ത്രണങ്ങളില്ലാതെ വ്യാജ ജൈവ വളങ്ങളുടെ വില്പന നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മണ്ണിനും മറ്റ് അവശിഷ്ടങ്ങൾക്കുമൊപ്പം രാസവളം ചേർത്താണ് ഇത്തരം വളങ്ങൾ ജൈവവളം എന്ന പേരിൽ വില്ക്കുന്നതെന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം വളം ഉപയോഗിച്ച പല കർഷകരുടേയും ഏലം, കുരുമുളക് ചെടികൾ പൂർണ്ണമായും നശിച്ചുപോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സർക്കാരിന്റേയും കൃഷി വകുപ്പിന്റേയും അംഗീകാരമുള്ളതും ഗുണമേന്മയുള്ളതുമായ ജൈവവളങ്ങളുടെ വില്പനയെ ഇത് പ്രതികൂലമായി ബാധിക്കുന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇക്കാര്യത്തിൽ ഗവണ്മെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീമതി. കെ.ആർ.ഗൗരിയമ്മ ( കൃ,ഷിയും കയറും വകുപ്പുമന്ത്രി ) :-**

(എ) & ( ബി) ഇത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) & (ഡി) ഇത് സംബന്ധിച്ച് വ്യക്തമായ വിവരം ലഭിച്ചിട്ടില്ല.

(ഇ) & (എഫ്) കർഷകർക്ക് ഗുണമേന്മയുള്ള ജൈവവളങ്ങൾ ലഭ്യമാക്കുന്നതിനായി സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി) 690/2002/എ.ഡി തിയതി 1.7.2002 പ്രകാരം ഒരു ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിററി രൂപീകരിക്കുകയും ടി കമ്മിറ്റി അംഗീകരിക്കുന്ന ജൈവവളങ്ങളുടേയും ജീവാണുവളങ്ങളുടേയും ലിസ്റ്റ് കൃഷിഡയറക്ടർ പുറത്തിറക്കുകയും ചെയ്യുന്നു. കാർഷിക സർവകലാശാല, ഐ.സി.എ.ആർ. സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള പരിശോധനാറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഗുണമേന്മയുള്ള വളങ്ങൾക്ക് അംഗീകാരം നൽകുന്നത്. സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി) 1031/2002/എ.ഡി തിയതി 2.9.2002 പ്രകാരം കൃഷിവകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ടി ലിസ്റ്റിൽ ഉൾപ്പെട്ട വളങ്ങൾ മാത്രമേ വിതരണം ചെയ്യാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൃഷിഭവൻ ഉദ്യോഗസ്ഥർ ജൈവവളങ്ങളുടേയും, ബയോ കണ്ട്രോൾ ഏജന്റിന്റേയും ജൈവ കീടനാശിനികളുടേയും സാംപിളുകൾ കാർഷിക സർവകലാശാലയിലും, കൃഷിവകുപ്പിന്റെ കീഴിലുള്ള ബയോ കണ്ട്രോൾ ലാബിലും പരിശോധന നടത്തി ഗുണമേന്മ ഉറപ്പുവരുത്താറുണ്ട്. ഇതു കൂടാതെ കർഷകർക്ക് ലഭിക്കുന്ന ജൈവവളങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിന് കൃഷിവകുപ്പിന്റെ കീഴിലുള്ള രാസവള പരിശോധനശാലകൾ ശക്തിപ്പെടുത്തുന്നതിനും ജീവാണു വളങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി നടപ്പു സാംപത്തിക വർഷം രണ്ട് ജീവാണു പരിശോധനശാലകൾ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു. മേല്പറഞ്ഞ നടപടികൾ സർക്കാർ കൈക്കൊള്ളുന്നുണ്ടെങ്കിലും ജൈവവളങ്ങളുടെ ഗുണമേന്മ നിയന്ത്രണം കേന്ദ്രസർക്കാരിന്റെ ഫെർട്ടിലൈസർ കണ്ട്രോൾ ഓർഡറിന്റെ പരിധിയിൽ വരാത്തതിനാൽ സർക്കാരിന് ഫലപ്രദമായ നിയന്ത്രണം ഏർപ്പെടുത്താൻ സാദ്ധ്യമാകുന്നില്ല. ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരമാർഗ്ഗം ആരായാൻ ഉദ്ദേശിക്കുന്നു.

## റെയിൽ വഴി കൊണ്ടുവരുന്ന ചരക്കുകളുടെ നികുതി പൂർണ്ണമായും വസൂലാക്കുന്നതിന് നടപടി

703. ശ്രീ.കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ടി.കെ.ബാലൻ :
ശ്രീ എം.വി.ജയരാജൻ :
ശ്രീ. ടി.കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്ന് നമ്മുടെ സംസ്ഥാനത്തേക്ക് റെയിൽ വഴി കൊണ്ടുവരുന്ന ചരക്കുകളുടെ നികുതി പൂർണ്ണമായും വസൂലാക്കുന്നതിന് ഇപ്പോൾ കൈക്കൊണ്ടുവരുന്ന നടപടികൾ എന്തൊക്കെയാണ് ;

(ബി) റെയിൽവേ വാഗണുകളിൽ കൊണ്ടുവരുന്ന സാധനങ്ങൾ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥർ പരിശോധിക്കുന്ന പതിവ് നിലവിലുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള തടസ്സം എന്താണ് ;

(സി) റെയിൽവേ വഴി വൻതോതിൽ നടക്കുന്ന നികുതി വെട്ടിപ്പ് തടയാൻ സർക്കാർ സത്വര നടപടി കൈക്കൊള്ളുമോ ?

**ഉത്തരം**

**ശ്രീ. കെ.ശങ്കരനാരായണൻ ( ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി ) :-**

(എ ) അന്യ സംസ്ഥാനങ്ങളിൽനിന്നും റെയിൽ വഴി കൊണ്ടുവരുന്ന സാധനങ്ങൽ അതിന്റെ ഉടമസ്ഥർ റെയിൽവേ അധികാരികളിൽ നിന്ന് ഡെലിവറിയെടുത്ത് പുറത്ത്കൊണ്ടുവരുമ്പോൾ അവ വില്പനനികുതി നിയമപ്രകാരമുള്ള രേഖകളോടു കൂടിയതാണോയെന്ന് പരിശോധിക്കാനുള്ള അധികാരം വില്പനനികുതി ഇന്റലിജൻസ് ഉദ്യോഗസ്ഥർക്കുണ്ട്. വില്പനനികുതി നിയമപ്രകാരമുള്ള രേഖകളോടു കൂടിയതല്ലാത്ത സാധനങ്ങൾക്ക് ഇന്റലിജൻസ് ഉദ്യോഗസ്ഥർ സാധനങ്ങളുടെ ഉടമസ്ഥരിൽ നിന്ന് നികുതി ബാദ്ധ്യതയുടെ ഇരട്ടിയായ തുക സെക്യൂരിറ്റിയിനത്തിൽ വസൂലാക്കുന്നു. കൂടാതെ ഇന്റലിജൻസ് ഉദ്യോഗസ്ഥർ റെയിൽവേ പാർസൽ ഓഫീസ് സന്ദർശിച്ച് റെയിൽ വഴി കൊണ്ടുവന്നിട്ടുള്ള ചരക്കുകളുടെ വിവരം ശേഖരിക്കുകയും ആയത് വ്യാപാരികളുടെ കണക്കുകളുമായി ഒത്തുനോക്കി ക്രമക്കേടുകൾ കണ്ടാൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ബി) വില്പനനികുതി ഉദ്യോഗസ്ഥർമാർക്ക് റെയിൽവേ പാർസൽ ഓഫീസിലുള്ള രേഖകൾ പരിശോധിച്ച് റെയിൽ വഴി വരുന്ന സാധനങ്ങൾ അയച്ച ആളിന്റെയും കൊണ്ടുവരുന്ന ആളിന്റെയും വിവരങ്ങൾ ശേഖരിച്ച ശേഷം സാധനങ്ങൾ കൊണ്ടുവരുന്ന കച്ചവടക്കാരന്റെ കച്ചവട സംബന്ധമായ കണക്കുപുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാനുള്ള അധികാരം ഉണ്ട്. എന്നാൽ ഇങ്ങനെ കൊണ്ടുവരുന്നവരുടെ മേൽവിലാസം പലപ്പോഴും വ്യാജമാണ്. അത്തരം കേസുകളിൽ നടപടി ബുദ്ധിമുട്ടാണ്. റെയിൽവേ യാർഡിൽ ചരക്കുകൾ പരിശോധിക്കുന്നത് സാദ്ധ്യമല്ല. റെയിൽവേയിൽ നിന്ന് എടുത്തുകൊണ്ടുപോകുന്ന ചരക്കുകൾ വില്പനനികുതി സ്ക്വാഡുകൾ നിരന്തരം റെയിൽവേ സ്റ്റേഷൻ പരിസരത്ത് വച്ച് പരിശോധിക്കുകയും നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(സി) ഉണ്ട്. 3 കേസുകളിൽ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാരുടെ നോട്ടീസ് വകവയ്ക്കാതെ ചരക്കുകൾ വിട്ടുകൊടുക്കുന്നതിന് പെനാലിറ്റി ചുമത്തിയിട്ടുണ്ട്. കൂടാതെ കമ്മീഷണർ റെയിൽവേ മേധാവികൾക്ക് എഴുതിയിട്ടുമുണ്ട്. ആദായ നികുതി ഡയറക്ടർ ജനറലിന്റെ അദ്ധ്യക്ഷതയിലുള്ള റീജിയണൽ എൻഫോഴ്സ്മെൻറ് ആന്റ് ഇൻറലിജൻസ് കമ്മിറ്റി മുൻപാകെ പ്രശ്നം ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) റെയിൽവേ ബോർഡിന്റെയും റെയിൽവേയുടെ ഉന്നതഉദ്യോഗസ്ഥരുടേയും സഹായം റെയിൽ വഴിയുള്ള നികുതി വെട്ടിപ്പ് തടയാൻ വില്പനനികുത് ഉദ്യോഗസ്ഥർക്ക് ആവശ്യമാണ്. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിൻരേയും റെയിൽവേ ബോർഡിന്റേയും ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## സംസ്ഥാനത്ത് നിലവിലുള്ള ഗവണ്മെന്റ് കൃഷിത്തോട്ടങ്ങൾ

704 ശ്രീ. ഡി.സുഗതൻ :
ശ്രീ. പി.ജെ.ജോയി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എൻ.ഡി.അപ്പച്ചൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗവണ്മെൻറ് കൃഷിത്തോട്ടങ്ങളുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ പ്രയോജനപ്രദമായി ഉപയോഗിക്കുന്നവ എത്രയെണ്ണമുണ്ട് ;

(സി) പഞ്ചായത്തരാജ് നിയമമനുസരിച്ച് ഇവയിൽ ഏതെങ്കിലും ത്രിതല പഞ്ചായത്തുകൾക്ക് കൈമാറേണ്ടതുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം എന്ന് വെളിപ്പെടുത്താമോ ;

(ഡി) ഇവ ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിക്കഴിഞ്ഞോ ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(എഫ്) ഇപ്പോൾ ഗവണ്മെന്റിന്റെ ഉടമസ്ഥതയിലുള്ള കൃഷിത്തോട്ടങ്ങൾ മെച്ചപ്പെട്ട രീതിയിൽ വിനിയോഗിക്കാനുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ?

**ഉത്തരം**

**ശ്രീമതി. കെ.ആർ.ഗൗരിയമമ ( കൃഷിയും കയറും വകുപ്പു മന്ത്രി ) :**

(എ) 61 കൃഷിത്തോട്ടങ്ങളുണ്ട്.

(ബി) എല്ലാ കൃഷിത്തോട്ടങ്ങളും പ്രയോജനപ്രദമായി ഉപയോഗിച്ചുവരുന്നു.

(സി) ത്രിതല പഞ്ചായത്തു സംവിധാനം നിലവിൽവന്നതോടെ പ്രത്യേക വിഭാഗത്തിലെ 10 കൃഷിത്തോട്ടങ്ങൾ ഒഴികെ ബാക്കി 51 ഫാമുകൾ ജില്ലാപഞ്ചായത്തിന്റെ മേൽനോട്ടത്തിനായി വിട്ടുകൊടുത്തിട്ടുണ്ട്.

(ഡി) & (ഇ) കൈമാറ്റം ചെയ്തിട്ടുണ്ട്.

(എഫ്) ഓരോ ഫാമിന്റെയും സമഗ്രവികസനം ലക്ഷ്യം വച്ചുകൊണ്ട് ഓരോ പെർസ്പെക്ടീവ് മാസ്റ്റർ പ്ലാൻ തയാറാക്കിയിട്ടുണ്ട്. 2002-03 മുതൽ 5 വർഷമായി നടപ്പിലാക്കേണ്ട പദ്ധതികളടങ്ങിയ പ്ലാൻ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കി വരികയാണ്.

**ഫുട്ബോൾ, വോളിബോൾ തുടങ്ങിയ ഗെയിമുകളുടെ ഉന്നമനത്തിനായി സ്വീകരിക്കുന്ന നടപടി**

705 ശ്രീ.യു.സി.രാമൻ :
ശ്രീ. ഇ.ടി.മുഹമ്മദ് ബഷീർ :
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി.ടി.അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രിക്കറ്റിനോടുള്ള അമിതമായ ഭ്രമം കാരണം ഹോക്കി ഫുട്ബോൾ തുടങ്ങിയ ജനകീയമായ ഗെയിമുകൾ ഇന്ന് നേരിടുന്ന അവഗണന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം ഗെയിമുകളുടെ ഉന്നമനത്തിനായി സർക്കാർ തലത്തിൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ.കെ.സുധാകരൻ ( വനവും സ്പോർട്ട്സും വകുപ്പുമന്ത്രി ) :-**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

**അഡ്വാൻസ് ലൈസൻസിംഗിലൂടെ റബ്ബർ ഇറക്കുമതി**

706. ശ്രീ. വർക്കല കഹാർ :
ശ്രീ. അച്ചുതൻ :
ശ്രീ. എം.കെ. പോൾസൺമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡ്വാൻസ് ലൈസൻസിംഗിലൂടെ റബ്ബർ ഇറക്കുമതി അനുവദിച്ചുകൊണ്ട് കേന്ദ്ര ഗവണ്മെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഇത് സംസ്ഥാനത്ത് റബ്ബർ കർഷകരെ എപ്രകാരം ബാധിക്കും എന്നറിയിക്കുമോ?

(സി) ഈ വിജ്ഞാപനം പിൻവലിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതിനെതിരെ സർവ്വ കക്ഷി പ്രതിനിധി സംഘത്തെ കേന്ദ്രത്തിലേക്ക് അയക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീമതി. കെ.ആർ.ഗൗരിയമമ ( കൃഷിയും കയറും വകുപ്പു മന്ത്രി ) :**

(എ) അഡ്വാൻസ് ലൈസൻസിംഗിലൂടെ റബ്ബറിന് താരിഫ് രഹിത ഇറക്കുമതിക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിരുന്ന നിരോധനം നീക്കിക്കൊണ്ട് 2003 ജൂലായ് 3-ാം തീയതി കേന്ദ്ര വിദേശ വ്യാപാര ഡയറക്ടർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതായി അറിയുന്നു.

(ബി) ഇത് കേരളത്തിലെ റബ്ബർ കർഷകരെ ദോഷകരമായി ബാധിക്കും. ആഭ്യന്തര വിപണിയിൽ റബ്ബറിന് ഇപ്പോൾ ലഭിച്ചുവരുന്ന സാമാന്യം പ്രോത്സാഹനജനകമായ വിലനിലവാരം ഇക്കാരണത്താൽ താഴുന്നതിന് ഇടയാകും.

(സി) നികുതി രഹിത റബ്ബർ ഇറക്കുമതിയുടെ നിരോധനം പുനഃസ്ഥാപിക്കുന്നതിനു വേണ്ടിയുള്ള നിയമ/നയപരമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര നീതിന്യായ മന്ത്രാലയത്തോടും വ്യവസായ വാണിജ്യ മന്ത്രാലയത്തോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യത്തെ സംബന്ധിച്ച് മേൽ മന്ത്രാലയങ്ങളിൽ വേണ്ട സമ്മർദ്ദം ചെലുത്തണമെന്ന് കേരളത്തിൽനിന്നുള്ള എം.പി.മാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ അഡ്വാൻസ് ലൈസൻസിംഗ് വഴി ഡ്യൂട്ടി ഇല്ലാതെ റബ്ബർ ഇറക്കുമതി നിരോധിച്ചുകൊണ്ട് അടിയന്തിരമായി കേന്ദ്ര

വാണിജ്യ വകുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് 10.7.2003 -ൽ കേരളനിയമസഭ ഏകകണ്ഠേനെ പാസ്സാക്കിയ പ്രമേയത്തിലൂടെ കേന്ദ്ര ഗവണ്മെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം തീരുമാനിച്ചിട്ടില്ല.

**എ.ഡി.ബിയിൽ നിന്നുള്ള രണ്ടാം ഗഡു വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

707 ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :

ശ്രീ. കെ.പി. രാജേന്ദ്രൻ :

ശ്രീ. പി.എസ്.സുപാൽ : താഴെ കാണുന്ന ചോദ്യങ്ങക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.ഡി.ബിയിൽ നിന്നുള്ള രണ്ടാം ഗഡു വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) രണ്ടാം ഗഡു വായ്പയായി എ.ഡി.ബിയിൽ നിന്ന് പ്രതീക്ഷിക്കുന്ന സംഖ്യ എത്രയാണ് ;

(സി) ഏതൊക്കെ ആവശ്യങ്ങൾക്കാണ് രണ്ടാം ഗഡു സംഖ്യ ഉപയോഗിക്കുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഒന്നാം ഗഡുവായി ലഭിച്ചത് ചെലവഴിച്ചതിന്റെ റിപ്പോർട്ട് നൽകിയാലേ അടുത്ത ഗഡു അനുവദിക്കുകയുള്ളു എന്ന നിബന്ധന എ.ഡി.ബി. മുന്നോട്ട് വച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അത് സംബന്ധിച്ച് സംസ്ഥാന ഗവണ്മെന്റ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീ. കെ.ശങ്കരനാരായണൻ ( ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി )** :

(എ) പൂർത്തിയായിട്ടില്ല.

(ബി) ഏകദേശം 600 കോടി രൂപ.

(സി) അനുബന്ധമായി വച്ചിട്ടുള്ള പ്രോഗ്രാം ഇംപ്ലിമെൻറേഷൻ കോസ്റ്റിൽ വിവരങ്ങൾ കൊടുത്തിട്ടുണ്ട്.

(ഡി) എ.ഡി.ബി.ലോൺ ഉപയോഗിച്ച് നടപ്പാക്കുന്ന പരിപാടികളുടെ പുരോഗതി വിലയിരുത്തിയ ശേഷം മാത്രമേ രണ്ടാം ഗഡു നൽകുകയുള്ളു.

(ഇ) ഒന്നാം ഗഡുവായി ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചു കഴിഞ്ഞിട്ടില്ല.